# Desabhimani

# 16 July 2018

# Kochi; Heavy Rain, Buliding Collased

7 പേർക്ക് പരിക്ക്

## കനത്തമഴയിൽ കെട്ടിടത്തിന്റെ ചുവർ ഇടിഞ്ഞുവീണു

**ഫുട്ബോൾമത്സരം കണ്ടുകൊണ്ടിരുന്ന 7 പേർക്ക് പരിക്ക്**



മഴയിൽ ഇടിഞ്ഞുവീണ കെട്ടിടം

**കൊച്ചി**

കനത്തമഴയിൽ വർക്ക്ഷോപ്പ് കെട്ടിടത്തിന്റെ ചുവർ ഇടിഞ്ഞുവീണ് ഫുട്ബോൾമത്സരം കണ്ടുകൊണ്ടിരുന്ന ഏഴുപേർക്ക് പരിക്ക്. ഞായറാഴ്ച രാത്രി 8.40ന് കലൂർ മാതൃഭൂമിക്ക് സമീപമാണ് അപകടം. വി എം ഇൻഡസ്ട്രീസ് എന്ന വെൽഡിങ് വർക്ക്ഷോപ്പിനുള്ളിൽ ഫുട്ബോൾ ഫൈനൽ മത്സരം കണ്ടുകൊണ്ടിരിക്കെ ചുവർ ഇടിഞ്ഞ് ദേഹത്തുവീഴുകയായിരുന്നു.

കലൂർ വെളുത്തമന സുധാകരൻ വൈദ്യരുടെ മകൻ വിനോദ്, സുഹൃത്തുക്കളായ സനൽ, വേണുഗോപാൽ, അജയഘോഷ്, ശശി, കൃഷ്ണൻ, ഉണ്ണികൃഷ്ണൻ എന്നിവർക്കാണ് പരിക്കേറ്റത്. ഗുരുതരപരിക്കേറ്റ വിനോദും ശശിയും എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. മറ്റുള്ളവരെ പ്രാഥമിക ചികിത്സയ്ക്കുശേഷം പറഞ്ഞയച്ചു. വിനോദിന്റെ സുഹൃത്ത് ജോളി ജോസഫാണ് സംഭവമറിഞ്ഞ് സ്ഥലത്തെത്തിയശേഷം പൊലീസിനെയും ഫയർഫോഴ്സിനെയും വിവരമറിയിച്ചത്. തുടർന്ന് നോർത്ത് പൊലീസും ഗാന്ധിനഗർ ഫയർഫോഴ്സും എത്തിയാണ് രക്ഷാപ്രവർത്തനം നടത്തിയത്. വിനോദിന് ശസ്ത്രക്രിയ വേണ്ടിവരുമെന്ന് ഡോക്ടർമാർ പറഞ്ഞു. വളരെ പഴക്കമുള്ളതാണ് വർക്ക്ഷോപ്പ് കെട്ടിടം. ദിവസങ്ങളായി തുടരുന്ന മഴയിൽ കുതിർന്ന ചുവരാണ് ഇടിഞ്ഞുവീണത്.